# പാലയ്ക്കാട്ടുമല ഇടവക

# ചരിത്രത്തിന്റെ അടരുകളിലേക്ക്

**സിജി ജെയിംസ് മേൽവെട്ടം**
(ചീഫ് എഡിറ്റർ & സുവനീർ കമ്മിറ്റി, കൺവീനർ)

## ചരിത്രവഴി

ഭാരതത്തിന്റെ ആദ്ധ്യാത്മിക ഭൂപടത്തിൽ സമുന്നത സ്ഥാനം അലങ്കരിക്കുന്ന ഒരു തീർത്ഥഭൂമിയാണ് മീനച്ചിൽ. ആദ്ധ്യാത്മിക-ആദ്ധ്യാത്മികേതര രംഗങ്ങളിൽ മികച്ച പ്രതിഭകൾക്ക് ജന്മം നല്കിയ നാട്. രാജാക്കന്മാരുടെയും രാജസിംഹാസനങ്ങളുടെയും ഉയർച്ചയും താഴ്ചയും കണ്ട നാട്. മീനച്ചിൽ പ്രദേശം പണ്ട് കുലശേഖര രാജ്യത്തെ വെമ്പല നാട്ടിലുൾപ്പെട്ടിരുന്നു.

കുലശേഖര സാമ്രാജ്യം നാമാവശേഷമായതോടെ മീനച്ചിൽ താലൂക്കിന്റെ കിഴക്ക് ഭാഗം പൂഞ്ഞാർ രാജ്യവും വടക്കുഭാഗം വടക്കുംകൂർ രാജ്യവും തെക്കുഭാഗം തെക്കുംകൂർ രാജ്യവുമായി. മീനച്ചിൽ പ്രദേശം തെക്കുംകൂർ രാജവംശത്തിൻ കീഴിലായിരുന്നു. സാമന്തപദവിയിലിരുന്നുകൊണ്ട് ഭരണം നടത്തിയിരുന്നത് മീനച്ചിൽ കർത്താക്കന്മാരും. കടുത്തുരുത്തിയുടെ കീഴിൽ വടക്കുംകൂർ രാജ്യത്തിൽ പെട്ടതായിരുന്നു പാലയ്ക്കാട്ടുമല ഉൾപ്പെടുന്ന പ്രദേശങ്ങൾ. മതസൗഹാർദ്ദത്തിനു പുകൾപെറ്റ കാലഘട്ടമായിരുന്നു അത്. ഹൈന്ദവ-ക്രൈസ്തവ-മുസ്ലീം സഹോദരങ്ങളെ ഒന്നായി കാണാനും അവർക്കുവേണ്ടി ദേവാലയങ്ങൾ സ്ഥാപിച്ച് സംരക്ഷിക്കാനും തയ്യാറായ ഉന്നതമായ ഒരു പാരമ്പര്യം. ഒരു പക്ഷേ, ഇന്നത്തെ തലമുറയ്ക്ക് അന്യമായ ഒരു പാരമ്പര്യം.

പാലയ്ക്കാട്ടുമല നിത്യസഹായമാതാ പള്ളി സുവർണജൂബിലി നിറവിലൂടെ കടന്നുപോകുമ്പോൾ നാടിന്റെയും ഇടവകയുടെയും ചരിത്രമന്വേഷിക്കുകയാണ് ഇവിടെ. ദുഃഖദുരിതങ്ങളുടെയും കഷ്ടപ്പാടുകളുടെയും പട്ടിണിയുടെയും കാലത്തിൽനിന്ന് സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും സുഖസൗകര്യങ്ങളുടെയും മറ്റൊരു കാലത്തിലേക്ക് ഏറെ ദൂരമുണ്ട്. “മനുഷ്യസമുദായത്തിന്റെ വിഡ്ഢിത്തങ്ങളും കുറ്റങ്ങളും ഭാഗ്യദോഷങ്ങളും കുറിച്ചിട്ട ഒരു ഗ്രന്ഥമാണ് ചരിത്ര”മെന്ന് ഗിബ്ബണും “പൊതുവായി അംഗീകരിച്ചിട്ടുള്ള കെട്ടുകഥകളാണ് ചരിത്ര”മെന്ന് നെപ്പോളിയനും അഭിപ്രായപ്പെടുന്നുണ്ട്. “ലോകചരിത്രം വലിയൊരു നുണയാണെ”ന്ന് വാൾപോളും “ലോകസംഭവങ്ങളുടെ ചവറ്റുകൊട്ടയാണ് ചരിത്ര”മെന്ന് അഗസ്റ്റിൻ ബിറലും അഭിപ്രായപ്പെട്ടിട്ടുണ്ട്. എങ്കിലും വരവാമൊഴികളിലൂടെ കാലഘട്ടത്തിലേയ്ക്ക് പകർന്നത് ചരിത്രത്തിന്റെ സ്വർണ്ണതാലത്തിൽ കാത്തു വയ്ക്കാൻ ശ്രമിക്കുന്നു, ഇനിയും വരാനിരിക്കുന്ന തലമുറയ്ക്കു വേണ്ടി.......



## തോമാശ്ലീഹായുടെ ആഗമനം

എ.ഡി 52-ൽ വിശുദ്ധ തോമാശ്ലീഹാ മുസ്സിരീസ് എന്നറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിൽ കപ്പൽമാർഗ്ഗം വന്നെത്തിയെന്ന് മാർതോമ്മാ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഇതിനുമുമ്പേ ഈജിപ്ത്, സിറിയ, മെസപ്പൊട്ടോമിയ തുടങ്ങിയ മദ്ധ്യപൂർവ്വ ദേശങ്ങളിൽനിന്നുള്ള അറബി, യഹൂദ വ്യാപാരികൾ കടൽമാർഗ്ഗം കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കച്ചവടത്തിനായി എത്തിയിരുന്നു. കുരുമുളക്, ഏലം, ചുക്ക്, കറുവാ, ചന്ദനം, പട്ട്, തേക്ക്, ഈട്ടി, ആനക്കൊമ്പ് തുടങ്ങിയ കേരളവിഭവങ്ങൾ വിദേശ കമ്പോളത്തിൽ വലിയ ആധിപത്യം നേടിയിരുന്നു.

യഹൂദ വ്യാപാരികൾ കൊടുങ്ങല്ലൂർ, കൊല്ലം, കടുത്തുരുത്തി, കുളച്ചൽ തുടങ്ങിയ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് കമ്പോളങ്ങൾ സ്ഥാപിച്ചു. ഇവർ പെരിയാർ, മീനച്ചിൽ, പമ്പാ നദികളിലൂടെ കച്ചവടം വ്യാപിപ്പിച്ചു. വിദേശിയരുടെ കച്ചവടബന്ധവും വിശുദ്ധ തോമാശ്ലീഹായുടെ ആഗമനവും വലിയ മാറ്റങ്ങൾക്ക് വഴിതെളിച്ചു. കൊടുങ്ങല്ലൂർ, പറവൂർ, പാലയൂർ, കോട്ടക്കാവ്, നിരണം, കോക്കമംഗലം, ചായൽ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ക്രിസ്തീയ സമൂഹങ്ങൾ വളർന്നു വന്നു.

## ജ്ഞാനസ്നാന വിശുദ്ധിയുമായി

വിശുദ്ധ തോമാശ്ലീഹായിൽനിന്ന് ബ്രാഹ്മണരും ബുദ്ധമതാനുയായികളും ജ്ഞാനസ്നാനം സ്വീകരിച്ചു. ഇതിനിടെ ക്നായിതൊമ്മന്റെ നേതൃത്വത്തിൽ പേർഷ്യയിൽനിന്ന് ഒരുപറ്റം ക്രിസ്ത്യാനികളുംകേരളത്തിലെത്തി. എ.ഡി എട്ടാം നൂറ്റാണ്ടിൽ ചേരമാൻ പെരുമാൾ രാജവംശം തകർന്നതിന്റെ ഫലമായി അനേകം നാട്ടുരാജ്യങ്ങൾ ഉടലെടുത്തു. ബ്രാഹ്മണർക്ക് മേൽക്കോയ്മയുള്ള ക്ഷത്രിയ ഭരണം നാട്ടുരാജ്യങ്ങളിലുണ്ടായി. എ.ഡി ഒൻപതാം ശതകത്തിൽ ക്രിസ്ത്യാനികളുടെ ശക്തി കേന്ദ്രമായിരുന്ന കൊടുങ്ങല്ലൂർ ആക്രമിക്കപ്പെട്ടു. ഇതോടെ ഇവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾ കുറവിലങ്ങാട്, കടുത്തുരുത്തി, അരുവിത്തുറ, അങ്കമാലി, ഉദയംപേരൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് കുടിയേറി.

സംഘകാലം മുതൽതന്നെ മീനച്ചിലിന്റെ പല കേന്ദ്രങ്ങളിലും ബുദ്ധമതക്കാരും ബൗദ്ധവിഹാരങ്ങളും ബ്രാഹ്മണ കുടുംബങ്ങളും ഉണ്ടായിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. മീനച്ചിലിലെ വിവിധ നാട്ടുരാജ്യങ്ങളിലേക്ക് കുടിയേറിപ്പാർത്ത ക്രിസ്ത്യാനികൾക്ക് നാട്ടുരാജാക്കന്മാർ തങ്ങളുടെ അധികാര സീമകൾ കച്ചവടത്തിനും കൃഷിക്കുമായി തുറന്നുകൊടുത്തു. ക്രിസ്തുമതത്തോടുള്ള ആദരവും ക്രിസ്ത്യാനികളുടെ വിശ്വസ്തതയും അദ്ധ്വാനശീലവും സാഹസികതയുമാണ് യഥേഷ്ടം സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ നാട്ടുരാജാക്കന്മാർക്ക് പ്രേരണയായത്.

## പള്ളികളുടെ സ്ഥാപനം

മതാനുഷ്ഠാനങ്ങളിൽ നിഷ്കർഷ പുലർത്തിയിരുന്ന ക്രിസ്തീയ സമൂഹം ആത്മീയ കാര്യങ്ങൾക്കായി കുറവിലങ്ങാട്, അരുവിത്തുറ, കടുത്തുരുത്തി തുടങ്ങിയ സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. പിന്നീട് പാലായിലും പള്ളി നിർമ്മിക്കപ്പെട്ടു. പള്ളി നിർമ്മാണങ്ങൾക്ക് നാട്ടുരാജാക്കന്മാർ വലിയ സംഭാവനകളായിരുന്നു നല്കിയിരുന്നത്. കുടിയേറ്റത്തിന്റെ ഭാഗമായി ഇലയ്ക്കാട് പഞ്ചായത്തിലേക്കും (1983 മുതൽ മരങ്ങാട്ടുപിള്ളി പഞ്ചായത്ത്) നിരവധി ക്രൈസ്തവ കുടുംബങ്ങൾ എത്തി. കടപ്ലാമറ്റം മുതൽ വള്ളിച്ചിറ വരെയെത്തുന്ന ഭൂപ്രദേശങ്ങൾ മുഴുവൻ ആണ്ടൂർ പല്ലാട്ട് നായർ കുടുംബത്തിന്റെ വകയായിരുന്നു. ഇരുപത്തിയെട്ട് ബ്രാഹ്മണ കുടുംബങ്ങൾ ഉൾപ്പെടുന്ന കാടും മേടും നിറഞ്ഞ സ്ഥലമായിരുന്നു പാലയ്ക്കാട്ടുമല. ഇവിടേക്ക് ആദ്യമെത്തിയ ക്രൈസ്തവ കുടുംബങ്ങളിൽ മണിയമ്പ്ര, ഇടപ്പാറ, മണ്ഡോത്തി എന്നിവ ഉൾപ്പെടുന്നു. വാരം, പാട്ടം, കിളച്ചുപാതി, ഒറ്റി മുതലായ രീതികളിലൂടെയും വില കൊടുത്തും ഭൂമി അവർ സ്വന്തമാക്കി.

## സ്ഥലനാമ ചരിത്രം

കുറ്റിക്കാടുകളും വൻമരങ്ങളും നിറഞ്ഞ ഈ മലമ്പ്രദേശത്ത് വളരെയധികം പാലമരങ്ങൾ ഉണ്ടായിരുന്നെന്നും ഇതിൽനിന്നാണ് 'പാലയ്ക്കാട്ടുമല' എന്ന പേരുണ്ടായതെന്നും കരുതപ്പെടുന്നു. പാലായ്ക്കടുത്തുള്ള കാടും മലയും നിറഞ്ഞ പ്രദേശമെ

ന്നതുകൊണ്ട് 'പാലയ്ക്കാട്ടുമല' എന്ന പേരുണ്ടായി എന്നും അനുമാനിക്കാം. 'ക്ഷീരാരണ്യഗിരി' എന്ന പേരിലും ഈ സ്ഥലം അറിയപ്പെട്ടിരുന്നു. കേരളത്തിലെ സ്ഥലനാമങ്ങൾ എന്ന പുസ്തകത്തിൽ പാലയ്ക്കാട്ടുമലയും ഉൾച്ചേർന്നിട്ടുണ്ട്.

നായാട്ടിലും കാർഷികവൃത്തിയിലും അതീവ തല്പരരായ പൗരാണിക നസ്രാണികൾ സാഹസികമായ ധീരതയോടെ വികസനത്തിന്റെയും പുരോഗതിയുടെയും പുതിയ പാതകൾ വെട്ടിത്തെളിച്ചു. വർഷങ്ങൾ നീണ്ട പരിശ്രമത്തിലൂടെ സ്ഥലനാമസൂചന വ്യക്തമാക്കുന്ന കാടും മലയും നിറഞ്ഞ പ്രദേശമെന്ന തലത്തിൽനിന്നും പാലയ്ക്കാട്ടുമല ഇന്ന് ഏറെ മുമ്പോട്ടു പോയിരിക്കുന്നു.

വന്യമൃഗങ്ങളുടെയും മോഷ്ടാക്കളുടെയും ഉപദ്രവങ്ങൾ ദുസഹമായിരുന്ന അക്കാലത്ത് വളരെയധികം യാതനകൾ സഹിച്ചായിരുന്നു കുറവിലങ്ങാട് പള്ളിയിൽ വിശ്വാസികൾ പോയിരുന്നത്. ഇടവഴികളും മൊട്ടക്കുന്നുകളും കൈതോടുകളും പാടവരമ്പുകളുമൊക്കെ പിന്നിട്ടായിരുന്നു ആരാധനയ്ക്കായുള്ള യാത്ര. മാറാവ്യാധികളേയും പ്രകൃതിദുരന്തങ്ങളെയുമൊക്കെ നേരിടേണ്ട കാലംകൂടിയായിരുന്നു ഇത്. അതിനാൽതന്നെ അടുത്തൊരു ദേവാലയം സ്വപ്നം കാണുകയും പ്രാർത്ഥിക്കുകയും അതിനായി പ്രയത്നിക്കുകയും ചെയ്തു. കാലചക്രങ്ങൾ ഏറെ പിന്നിട്ടപ്പോൾ 1828 ജൂലൈ 29-ന് മരങ്ങാട്ടുപിള്ളിയിൽ വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ നാമത്തിലുള്ള ദേവാലയത്തിന് ശിലാസ്ഥാപനം നടത്തപ്പെട്ടു. 1889-ൽ മരങ്ങാട്ടുപിള്ളി ഇടവകയായി. ഈ ദേവാലയം ഒരു പ്രദേശത്തിന്റെ മുഴുവൻ പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും സാഫല്യമായിരുന്നു.

## ദുരിത യാത്രയും സ്വന്തമായി പള്ളിയും

വർഷങ്ങൾ പിന്നെയും ഏറെ മുന്നോട്ടുപോയി. പാലയ്ക്കാട്ടുമലയിൽനിന്ന് മൂത്തേടത്തു കുന്നിറങ്ങിയും കണിയാറപ്പാറ വഴി പാടവരമ്പ് കടന്ന് വാത്താനംകുന്ന് കയറി മരങ്ങാട്ടുപിള്ളി പള്ളിയിൽ എത്തുന്നതുമൊക്കെ ക്ലേശകരമായി തോന്നി. ചെറിയ നടപ്പാതകൾ മാത്രമുണ്ടായിരുന്ന അക്കാലത്ത് മൂന്നു കിലോമീറ്റർ അകലെയുള്ള മരങ്ങാട്ടുപിള്ളിയിൽ എത്തുന്നത് ബുദ്ധിമുട്ടായിരുന്നതിനാൽ പാലയ്ക്കാട്ടുമലയിൽ ഒരു പള്ളി ഉണ്ടാകണമെന്ന ആഗ്രഹം ഉടലെടുത്തു. 19-ാം നൂറ്റാണ്ടിന്റെ അവസാനം മേൽവെട്ടം യാക്കോബുകത്തനാരുടെയും മറ്റുപലരുടെയും നേതൃത്വത്തിൽ ഇക്കാര്യത്തിനായി അഭിവന്ദ്യ കോട്ടയം വികാരി അപ്പസ്തോലിക്കായായിരുന്ന മാർ മാത്യു മാക്കീലിനെ സമീപിച്ചെങ്കിലും പല കാരണങ്ങളാൽ ആഗ്രഹം സഫലീകരിക്കപ്പെട്ടില്ല. പാലയ്ക്കാട്ടുമലയിലെ ഏറ്റവും ഉയർന്ന പ്രദേശമായ കട്ടിക്കാലുങ്കൽ പുരയിടത്തിൽ പള്ളി നിർമ്മിക്കണമെന്നതായിരുന്നു സ്വപ്നം.

കിലോമീറ്ററുകൾ താണ്ടിയാണ് മരങ്ങാട്ടുപിള്ളി, കുടക്കച്ചിറ, പാളയം, ചെറുകര (പൈങ്ങുളം) പള്ളികളിൽ ഇവിടുത്തെ വിശ്വാസികൾ എത്തിയിരുന്നത്. കല്ലും മുള്ളും ഇഴജന്തുക്കളുമൊക്കെ നിറഞ്ഞ നടപ്പാതയിലൂടെ കൈക്കുഞ്ഞുങ്ങളെയും കൈകളിലേന്തി അവർ ആരാധനയ്ക്കായി പോയിരുന്നു. ജീവിതത്തിലെ വേദനകളോ കണ്ണുനീരോ കഷ്ടപ്പാടുകളോ



ഒന്നും ദൈവത്തിൽ അടിയുറച്ച വിശ്വാസത്തിന് തടസമായില്ല. പിന്നീട് 1930-കളിൽ പാലയ്ക്കാട്ടുമലയ്ക്ക് സമീപമുള്ള കറ്റുവെട്ടിയേൽ കുന്നുംപുറത്ത് മിഷനറി വൈദികർ എത്തി സുവിശേഷ പ്രവർത്തനം ആരംഭിച്ചു. 1942 ഡിസംബർ 26-ന് ആണ്ടൂർ കർമ്മലഗിരി പള്ളി ഇടവകയായി. പിന്നീട് പാലയ്ക്കാട്ടുമലയിലെ ക്രൈസ്തവ വിശ്വാസികൾ കൂടുതൽ സൗകര്യാർത്ഥം ആണ്ടൂർ ലത്തീൻ പള്ളിയിൽ ആത്മീയ കാര്യങ്ങൾ നിറവേറ്റാൻ തുടങ്ങി.

## വിശ്വാസ ജീവിതത്തിന് ഒരു ആലയം

തങ്ങളുടേതായ ഒരു ദേവാലയം പാലയ്ക്കാട്ടുമലയിൽ നിർമ്മിക്കണമെന്ന ആഗ്രഹം വീണ്ടും സജീവമായി. ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനായി ഏറെ ബുദ്ധിമുട്ടുകയാണെന്നും മൂന്നുമൈൽ ദൂരത്തിലാണ് മരങ്ങാട്ടുപിള്ളിയെന്നും പാലയ്ക്കാട്ടുമലയിൽ പള്ളി അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിക്ക് ഒരുപറ്റം വിശ്വാസികൾ 1958 നവംബർ 4-ന് നിവേദനം നല്കി. മലയും തോടും കടന്നാണ് പള്ളിയിൽ പോകേണ്ടതെന്നും ഞായറാഴ്ചകളിൽ പലപ്പോഴും കുർബാന മുടങ്ങുന്നതായും വട്ടങ്കിയിൽ ലൂക്കായുടെ നേതൃത്വത്തിൽ അരമനയിൽ എത്തിയ സംഘം അഭിവന്ദ്യ പിതാവിനോട് പരാതിപ്പെട്ടു. പുതിയാമറ്റത്തിൽ മത്തൻ, മേൽവെട്ടം വർക്കി, മാധവത്ത് ഔസേപ്പ്, കളത്താനാൽ തൊമ്മൻ, വട്ടങ്കിയിൽ കുര്യാക്കോസ്, പറത്താനത്ത് ഔസേപ്പ്, വെട്ടത്തുതറപ്പേൽ കുര്യാക്കോ, കടുകപ്പിള്ളിൽ ഔസേഫ്, വട്ടുകുളത്തിൽ ഔസേപ്പ്, കൈമ്ലേട്ട് കുര്യാക്കോസ്, കിഴക്കേക്കര മത്തച്ചൻ, കളപ്പുരയ്ക്കൽ ഫ്രാൻസീസ്, കല്ലമ്പിള്ളിൽ ഫ്രാൻസീസ്, പൊന്നാരമറ്റത്തിൽ ഔസേപ്പ്, കുടകുത്തിയിൽ മത്തായി തുടങ്ങിയവരായിരുന്നു അക്കാലത്ത് പള്ളി നിർമ്മാണത്തിനായി മുന്നിട്ടിറങ്ങിയത്. വേദപാഠകളരി ഉണ്ടാക്കുന്നതിനും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും കുർബാന അർപ്പിക്കുന്നതിനുമായി സൗകര്യമുണ്ടാകത്തക്കവിധം മൂലാശേരിൽ കുരീക്കാട്ട് ജോസഫ് സ്ഥലം ദാനമായി നല്കിയിട്ടുണ്ടെന്നും താല്കാലിക കെട്ടിടം പണിയുന്നതിനും കുർബാന അർപ്പിക്കുന്നതിനും വൈദികനെ നല്കണമെന്നും ഇവർ വയലിൽ പിതാവിനോട് ആവശ്യപ്പെട്ടു.

പാലയ്ക്കാട്ടുമലയിൽ പള്ളി ആവശ്യമാണെന്ന് ബോധ്യമായ പിതാവ് കുരിശുപള്ളി സ്ഥാപിക്കാൻ അനുവാദം നല്കി. രൂപതാ വികാരി ജനറാളും നാട്ടുകാരനുമായിരുന്ന മോൺ. ഫിലിപ്പ് വാലിയിലിന്റെ സഹായസഹകരണങ്ങളും പള്ളി സ്ഥാപനത്തിനുള്ള അനുവാദം പെട്ടെന്ന് ലഭിക്കാൻ കാരണമായി. 1958 നവംബർ 18-ന് ദാനം കിട്ടിയ സ്ഥലത്ത് വേദപാഠ കളരി സ്ഥാപിക്കുന്നതിനും ഷെഡ് പണിയുന്നതിനും ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ അനുമതി നല്കി കല്പന പുറപ്പെടുവിച്ചു.

പാലയ്ക്കാട്ടുമലക്കാരായിരുന്ന ഫാ. തോമസ് പറത്താനത്ത്, ഫാ. ജോസഫ് കൈമ്ലേട്ട്, ഫാ. മാത്യു താഴത്തേൽ തുടങ്ങിയവരുടെ പ്രേരണയും ഒരു പള്ളി വേണമെന്ന മൂലാശേരിൽ ജോസഫിന്റെ അതിയായ ആഗ്രഹവുമാണ് പള്ളിക്കായി സ്ഥലം ദാനം ചെയ്യാനുള്ള സാഹചര്യമൊരുക്കിയത്. 1951 ഒക്ടോബർ 21-ന് മൂലാശേരിൽ ഔസേപ്പ് ജോസഫ് എഴുതിയ വിൽപ്പത്രത്തിൽ 50 സെന്റ് സ്ഥലം പള്ളി നിർമ്മാണത്തിന് സഹോദരപുത്രനായ മൂലാശേരിൽ എം. എം. ജോസഫിന്റെ താല്പര്യപ്രകാരം ദാനമായി നല്കാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ ആധാരം രജിസ്റ്റർ ചെയ്യാൻ കഴിയാതിരുന്നതിനാൽ മകൾ അന്നമ്മയെ ഇക്കാര്യം ചുമതലപ്പെടുത്തി. പിന്നീട് 1959 ഏപ്രിൽ 13-ന് വെള്ളാപ്പാട് ആലപ്പാട്ട് തൊമ്മന്റെ ഭാര്യ അന്നമ്മ പിതാവായ ഔസേപ്പിന്റെ ആഗ്രഹപ്രകാരം 50 സെന്റ് സ്ഥലം പള്ളിക്ക് ദാനമായി എഴുതിക്കൊടുത്തു. 1959 ഏപ്രിൽ 9-ന് പള്ളി പണി ആരംഭിച്ച് ആഴ്ചകൾക്കകം ഓല മേഞ്ഞ ദേവാലയം പൂർത്തിയാക്കി.

## ആത്മനിർവൃതിയുടെ ബലിയർപ്പണം

പാലയ്ക്കാട്ടുമലയിലെ വിശ്വാസികൾ കാത്തിരുന്ന പുണ്യദിനമായിരുന്നു 1959 മെയ് 24. മരങ്ങാട്ടുപിള്ളി പള്ളി വികാരിയായിരുന്ന ബഹു. താഴത്തേൽ മത്തായി അച്ചൻ പ്രഥമ ദിവ്യബലി അർപ്പിച്ചതോടെ നാട്ടുകാരുടെ ചിരകാലാഭിലാഷം പൂവണിയുകയായിരുന്നു. നിത്യസഹായമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ കുരിശുപള്ളിയിൽ, മാതാവിന്റെ തിരുനാൾ ദിനത്തിൽത്തന്നെ കുർബാന അർപ്പിക്കാൻ സാധിച്ചത് വലിയൊരു അനുഗ്രഹമായിരുന്നു.

ഇടവകാംഗങ്ങളുടെ അകമഴിഞ്ഞ ഭക്തിയാണ് നിത്യസഹായമാതാവിന്റെ നാമത്തിൽ പള്ളി ആരംഭിക്കാൻ കാരണമായത്. കുറവിലങ്ങാട് ആടു മേയ്ച്ചുകൊണ്ടിരുന്ന കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ട്, നീരുറവ കാണിച്ചു കൊടുത്ത 'മുത്തിയമ്മ'യും ഇന്നാട്ടുകാ

രുടെ മനസ്സിൽ ആഴത്തിൽ സ്ഥാനം നേടിയിരുന്നു. ഇടവകക്കാരായ ബഹു. താഴത്തേൽ മത്തായിയച്ചൻ, ബഹു. മേൽവെട്ടം മാണിയച്ചൻ, ബഹു. മോൺ. ഫിലിപ്പ് വാലിയിൽ എന്നിവർ നിത്യസഹായമാതാവിന്റെ നാമത്തിൽ പള്ളി വേണമെന്ന ആഗ്രഹക്കാരായിരുന്നു. ഇക്കാലത്തു തന്നെയാണ് ളാലം പഴയ പള്ളിയിൽ നിത്യസഹായമാതാവിന്റെ നൊവേനയും ആരംഭിച്ചത്.

പള്ളി സ്ഥാപനത്തിനുശേഷമുള്ള ഞായറാഴ്ചകളിൽ മരങ്ങാട്ടുപിള്ളി പള്ളിയുടെ അസിസ്റ്റന്റ് വികാരിയായിരുന്ന ബഹു. ഫാ. സിറിയക്ക് കാനാട്ട് ഇവിടെയെത്തി കുർബാന അർപ്പിച്ചിരുന്നു. മാതാവിന്റെ നാമത്തിൽ സ്ഥാപിതമായ കുരിശുപള്ളിയിൽ ആദ്യമായി ആഘോഷിച്ചത് എട്ടുനോമ്പ് തിരുനാളായിരുന്നു. ആ ദിവസങ്ങളിൽ കുർബാനയും എട്ടാം നാൾ പാട്ടുകുർബാനയും ലദീഞ്ഞും പ്രദക്ഷിണവും നടത്താൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് 1959 ഓഗസ്റ്റ് 30-ന് മാതൃസംഘം ഭാരവാഹികളായ ഇസ്ബെല്ല മൂലാശേരിൽ, അന്നമ്മ മേൽവെട്ടം, അന്നമ്മ തേക്കിലക്കാട്ടിൽ, അന്നമ്മ കൈമ്ലേട്ട്, ത്രേസ്യാമ്മ ഇല്ലിയ്ക്കൽ എന്നിവർ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിലിന് അപേക്ഷ നല്കി. അപേക്ഷ സ്വീകരിച്ച അഭിവന്ദ്യ പിതാവ് തിരുനാൾ നടത്താൻ അനുമതി നല്കി.

## പള്ളിമുറി പണിയും സ്ഥിര വൈദികനെന്ന ആവശ്യവും

സ്ഥിരമായി ഒരു വൈദികൻ പള്ളിയിൽ ഇല്ലാതിരുന്നത് വിശ്വാസികൾക്ക് കടുത്ത വേദനയായി. സ്വന്തമായി ഒരു വൈദികൻ ഉണ്ടാകണമെന്ന ആഗ്രഹത്താൽ വീണ്ടും അരമനയിൽ അപേക്ഷ നല്കി. 1961 ഫെബ്രുവരി 8-ന് നാട്ടുകാർ നല്കിയ നിവേദനത്തിൽ 350-ഓളംപേർ ഒപ്പിട്ടിരുന്നു. കുരിശുപള്ളിയിലേക്ക് സ്ഥിരമായി ഒരു വൈദികനെ നിയമിച്ചുതരണമെന്നും വേദോപദേശം പഠിപ്പിക്കുന്നതിന് സൗകര്യം ഉണ്ടാകണമെന്നും കാണിച്ചായിരുന്നു നിവേദനം. മൂന്നു തലമുറകൾക്കു മുമ്പേതന്നെ പാലയ്ക്കാട്ടുമലയിൽ ദേവാലയം സ്ഥാപിക്കുന്നതിനു പൂർവ്വികർ ശ്രമിച്ചിരുന്നുവെന്നും നിവേദനത്തിൽ പറയുന്നുണ്ട്.

സ്ഥിരമായി വൈദികനെ ലഭിക്കാൻ പള്ളിമുറി ആവശ്യമാണെന്ന് അറിയാമായിരുന്ന നാട്ടുകാർ മുറി പൂർത്തിയാക്കിയശേഷമാണ് നിവേദനവുമായി അഭിവന്ദ്യ പിതാവിനെ സമീപിച്ചത്. ഫാ. സിറിയക്ക് കാനാട്ടിന്റെ നേതൃത്വത്തിൽ 1960-ൽ ഇതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിരുന്നു. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടാണ് ഇക്കാലത്ത് അനുഭവിച്ചത്. പലപ്പോഴും മുറി പണിക്കായി പണം തികയാതെ വരു



കയും പണി മന്ദഗതിയിലാകുകയും ചെയ്തു. പലരിൽനിന്നും പണം കടംവാങ്ങി. പിടിയരി, കെട്ടുതെങ്ങ്, ചിട്ടി, സമ്മാനദാന പദ്ധതി, ഉല്പന്ന പിരിവ് എന്നിവ 1960-1961 കാലങ്ങളിൽ നടപ്പിലാക്കി.

കെട്ടുതെങ്ങ് സമ്പ്രദായത്തിൽ രണ്ടു തെങ്ങിന് ഒരു തേങ്ങാവീതം പിരിക്കാനായിരുന്നു തീരുമാനം. 1961 മാർച്ച് 19-ന് ചേർന്ന യോഗം ഇതിനായി 12 അംഗ കമ്മറ്റിയെയും തിരഞ്ഞെടുത്തു. ഇങ്ങനെ ഒട്ടനവധി കഷ്ടപ്പാടുകൾ സഹിച്ചാണ് പള്ളിമുറി പണി പൂർത്തിയാക്കിയത്. കാരണവന്മാരുടെ ഒത്തൊരുമയുടെയും കഷ്ടപ്പാടുകളുടെയും ഫലമായി നിർമ്മിച്ച പള്ളിമുറി 1998-വരെ നിലനിന്നിരുന്നു.

## ആലയത്തിലേക്ക് സ്വന്തം അജപാലകൻ

പള്ളിമുറി പൂർത്തിയാക്കിയശേഷമാണ് നാട്ടുകാർ സ്ഥിരമായി വൈദികൻ വേണമെന്ന ആവശ്യവുമായി എത്തിയതെന്ന് മനസിലാക്കിയ അഭിവന്ദ്യ പിതാവ് മാർ സെബാസ്റ്റ്യൻ വയലിൽ ബഹു.

ഫാ. തോമസ് കലേക്കാട്ടിലിനെ ഉടൻതന്നെ വികാരിയായി നിയമിച്ചു. സ്ഥിരമായി വൈദികനെ ലഭിച്ചത് വിശ്വാസികൾക്ക് ഏറെ സന്തോഷകരമായിരുന്നു. ആത്മീയ കാര്യങ്ങൾ മുടക്കംകൂടാതെ നടത്താനും നാടിന്റെയും ഇടവകയുടെയും വികസനത്തിന് നാന്ദി കുറിയ്ക്കാനും വൈദികന്റെ സ്ഥിരമായ സാന്നിദ്ധ്യത്തിന് കഴിഞ്ഞു.

കുർബാന അർപ്പിക്കുന്ന ഷെഡ് ജീർണിച്ച് അപകടാവസ്ഥയിലായതിനാൽ പുതിയത് നിർമ്മിക്കാൻ 1962 സെപ്റ്റംബർ 23-ന് ചേർന്ന പൊതുയോഗം തീരുമാനമെടുത്തു. 80 അടി നീളവും 20 അടി വീതിയുമുള്ള ഷെഡ് പണിയാനായിരുന്നു തീരുമാനം. സാമ്പത്തിക പ്രതിസന്ധിമൂലം കുരിശുപള്ളിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ 1963 ഫെബ്രുവരി 3-ന് ചേർന്ന യോഗം വീണ്ടും കെട്ടുതെങ്ങ് സമ്പ്രദായം നടപ്പാക്കാൻ തീരുമാനിച്ചു. 10 തെങ്ങിൽ കൂടുതൽ ഉള്ളവർ 50-ന് ഒരു തെങ്ങും 100-ന് രണ്ടുതെങ്ങും മുകളിലോട്ടുള്ള ഓരോ 100-നും ഓരോ തെങ്ങുവീതവും കെട്ടുതെങ്ങായി പള്ളിക്ക് കൊടുക്കണമെന്ന് തീരുമാനമെടുത്തു. 10 തെങ്ങിനു താഴെയുള്ളവർ ഓരോ തെങ്ങിനും ഓരോ തേങ്ങാവീതവുമാണ് പള്ളിക്ക് നല്കേണ്ടിയിരുന്നത്.

## സൺഡേസ്കൂളും സിമിത്തേരിയും



സൺഡേസ്കൂളിന്റെ നിർമ്മാണ ജോലികൾ നടത്തുന്നതിനായി വട്ടക്കിയിൽ കുര്യാക്കോസ്, തറപ്പേൽ കുര്യാക്കോ, മേൽവെട്ടം വർക്കി, തേക്കിലക്കാട്ടിൽ



കുര്യാക്കോസ് എന്നിവരെ 1963 ജൂലൈ 7-ന് ചേർന്ന പള്ളിയോഗം തിരഞ്ഞെടുത്തു. ഇവരുടെ നേതൃത്വത്തിൽ സൺഡേസ്കൂൾ നിർമ്മാണം ധൃതഗതിയിൽ പൂർത്തിയായി. ബഹു. ഫാ. സെബാസ്റ്റ്യൻ മണിയാക്കുപാറയുടെ കാലത്ത് ആരംഭിച്ച ഷെഡ് നിർമ്മാണം ബഹു. മറ്റക്കരോട്ട് ജേക്കബ് അച്ചനാണ് പൂർത്തീകരിച്ചത്. സൺഡേസ്കൂളിന്റെ നിർമ്മാണത്തിനും പള്ളിമുറി വയറിംഗ് നടത്താനും മറ്റൊരു മുറി കൂടി കൂട്ടിച്ചേർക്കാനുമൊക്കെയായി ആരംഭിച്ച മാസചിട്ടി 1966-ൽ ലക്ഷ്യപ്രാപ്തിയോടെ അവസാനിച്ചു.

പള്ളിയോട് ചേർന്നുകിടന്നിരുന്ന 50 സെന്റ് സ്ഥലം 3200 രൂപയ്ക്ക് വാങ്ങാൻ 1965 സെപ്റ്റംബർ 23-ന് ചേർന്ന പൊതുയോഗം തീരുമാനമെടുത്തു. ഇക്കാലത്തുതന്നെ പള്ളിയുടെ മുൻവശത്തുള്ള നട പണിയും ആരംഭിച്ചു. 1966-ൽ 50 X 30 അടി വിസ്തീർണ്ണത്തിൽ സിമിത്തേരി പണി ആരംഭിച്ചു. 14 കല്ലറകളായിരുന്നു ആദ്യം നിർമ്മിച്ചത്. കുടുംബക്കല്ലറക്ക് 300 രൂപയും പൊതുക്കല്ലറയ്ക്ക് 50 രൂപയുമായിരുന്നു തുക.

ഒരിറ്റു വെള്ളത്തിനായി മൂന്നു കിണറുകൾ കുഴിച്ച് പരാജയപ്പെട്ട കഥയാണ് പഴയ തലമുറയ്ക്ക് ഓർമിയ്ക്കാനുള്ളത്. സൺഡേസ്കൂൾ, പള്ളി മുറി, പള്ളി നട, സിമിത്തേരി എന്നിവ നിർമ്മിക്കുന്നതിനുള്ള വെള്ളം 200 മീറ്റർ അകലെയുള്ള ഒരു കിണറ്റിൽ നിന്ന് വിശ്വാസികൾ തലച്ചുമടായി എത്തിക്കുകയായിരുന്നു. 1959-ൽ കുരിശുപള്ളി ഇടവകയായ പാലയ്ക്കാട്ടുമലയ്ക്ക് 1967-68 കാലഘട്ടത്തിലാണ് വെള്ളമുള്ള കിണർ ഉണ്ടാകുന്നത്. വികാരിയായിരുന്ന

ബഹു. ഫാ. ജോസഫ് ഓലിക്കൽ കിണർ നിർമ്മിക്കുന്നതിനായി വളരെയേറെ കഷ്ടപ്പാടുകൾ സഹിച്ചിട്ടുണ്ട്. കിണറ്റിലിറങ്ങി രാവിലെ മുതൽ രാത്രി വൈകുംവരെ ഓലിയ്ക്കലച്ചൻ പണികളിൽ ഏർപ്പെട്ടിരുന്നത് വിശ്വാസികൾ നന്ദിയോടെ സ്മരിക്കുന്നു.

പുതിയ പള്ളി പണിയാൻ 1969 ഫെബ്രുവരി 23-ന് ചേർന്ന പൊതുയോഗം തീരുമാനമെടുത്തു. ജോർജ് ജോസഫ് വെട്ടുവഴി (പുളിക്കിയിൽ), ഉലഹന്നാൻ തോമസ് വട്ടങ്കിയിൽ എന്നിവരെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ ചുമതലപ്പെടുത്തി. 1963-ൽ തുടങ്ങിയ കെട്ടുതെങ്ങ് സമ്പ്രദായം തുടരാനും തേങ്ങാ തരാത്തവരുടെ പേരിൽ 15 തേങ്ങയുടെ വില കുടിശികയായി എഴുതാനും യോഗം തീരുമാനിച്ചു. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനാലാണ് കെട്ടുതെങ്ങു പിരിവ് തുടരാൻ തീരുമാനമെടുത്തത്. ഒന്നിടവിട്ട മാസങ്ങളിൽ റബർ പിരിവ് നടത്താനും തീരുമാനമായി.

പാലയ്ക്കാട്ടുമലയെ ഇടവകയാക്കുന്നതിന് അഭിപ്രായം ചോദിച്ച് 1969 ജൂലൈ 11-ന് രൂപതയിൽ നിന്ന് കത്തുലഭിച്ചു. തലപ്പള്ളിയിൽനിന്ന് ന്യായമായ അവകാശം വാങ്ങി ഇടവകയാക്കണമെന്ന് നാട്ടുകാർ മറുപടിക്കത്തിൽ രൂപതാ അധികാരികളോട് ആവശ്യപ്പെട്ടു. പൊതുജനങ്ങളുടെ ആവശ്യത്തിനായി 1972-ൽ പള്ളിമുറിയിൽ ടെലിഫോൺ സൗകര്യം ഏർപ്പെടുത്തി.

## സ്വതന്ത്ര ഇടവകയാകുന്നു

അഭിവന്ദ്യ പിതാവ് മാർ സെബാസ്റ്റ്യൻ വയലിലിന്റെ 1971 ഏപ്രിൽ 28-ലെ കല്പന പ്രകാരം കുരി



ശുപള്ളിയുടെ അതിരുകൾ തിരിച്ചു. പാളയം, മരങ്ങാട്ടുപിള്ളി ഇടവകകൾ വിഭജിച്ച് രൂപീകരിച്ച പാലയ്ക്കാട്ടുമല 1971 മെയ് 2 മുതൽ സ്വതന്ത്ര ഇടവകയായി. 1971 സെപ്റ്റംബർ 26-ന് ബഹു. വികാരി ഫാ. മാത്യു കുരിശുംമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം പുതിയ പള്ളി നിർമ്മിക്കുന്നതിന് തീരുമാനമെടുത്തു. 1972-ൽ സിമിത്തേരി വിപുലീകരണം ആരംഭിച്ചു.

പള്ളിയുടെ ദൈനംദിന കാര്യങ്ങൾക്ക് പണം തികയാതെ വന്ന ഇക്കാലത്ത് റബർ, ഇഞ്ചി പിരിവുകൾ നടത്തി. തിരുനാൾ നടത്തുന്നതിനായി ഉല്പന്ന പിരിവിനൊപ്പം മൂന്നു രൂപാ മുതൽ 15 വരെ വിവിധ ഗ്രേഡിൽ തുകകൾ നിശ്ചയിച്ചു. പാലയ്ക്കാട്ടുമലയിൽ പുതിയൊരു പള്ളി ഉടൻ ആവശ്യമാണെന്ന ബോധ്യം വിശ്വാസികൾക്ക് നല്കാൻ വികാരിയായിരുന്ന ബഹു. ഫാ. മാത്യു കുഴിമുള്ളോരത്തിന് സാധിച്ചു.



ഇതേത്തുടർന്ന് 1975 മെയ് 25-ന് വിളിച്ചു ചേർത്ത പൊതുയോഗം പള്ളിപണി ആരംഭിക്കാൻ തീരുമാനിച്ചു. പള്ളിപണിക്കായി തൊഴിൽദാന പദ്ധതികൾ നടപ്പാക്കി. 100 മുതൽ 1001 രൂപ വരെ സാമ്പത്തികാടിസ്ഥാനത്തിൽ പിരിച്ചെടുക്കാനായിരുന്നു തീരുമാനം. 1975 അവസാനത്തോടെ അഭിവന്ദ്യ പിതാവ് മാർ സെബാസ്റ്റ്യൻ വയലിൽ പള്ളിക്ക് തറക്കല്ലിട്ടു. പത്രോസ് മേസ്തിരിയ്ക്കായിരുന്നു പള്ളി നിർമ്മാണ ചുമതല.

തിരുനാളുകൾ നടത്താനായി 1975 ഡിസംബറിൽ 12 വർഷ ചിട്ടി ആരംഭിച്ചു. ജനുവരി ഒന്നാം

ഞായറാഴ്ചക്കു മുമ്പായി 50 രൂപാ നല്കുന്നതായിരുന്നു ചിട്ടി. തിരുനാളിനായും പള്ളിപണിക്കായും ഉല്പന്ന പിരിവ് നടത്തി. ഇതിനിടയിൽ പള്ളിയുടെ പ്ലാൻ തൃപ്തികരമല്ലെന്ന അഭിപ്രായമുയർന്നു. ഇതിനെതുടർന്ന് പാലാ ബാബു വരച്ച പള്ളിയുടെ പുതിയ പ്ലാൻ എൻജിനീയർ യേശുദാസന്റെ നിർദ്ദേശങ്ങളോടെ രൂപതാധികൃതർ അംഗീകരിക്കുകയും നിർമ്മാണം മുന്നോട്ടു പോകുകയും ചെയ്തു. ഇടവകാംഗങ്ങളുടെ ഒത്തൊരുമയോടെയുള്ള പ്രവർത്തനഫലമായി പള്ളി നിർമ്മാണം പ്രതിസന്ധികളില്ലാതെ പൂർത്തിയായി.

## പുതിയ ദേവാലയം... പുതിയ പ്രതീക്ഷകൾ....

പുതിയ പള്ളിയുടെ വെഞ്ചിരിപ്പ് 1978 സെപ്റ്റംബർ 21-ന് നടത്തി. ബഹു. വികാരി ഫാ. മൈക്കിൾ കൊട്ടാരത്തിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ നട



ത്തിയ അക്ഷീണപരിശ്രമത്തിന്റെ ഫലമായിരുന്നു മനോഹരമായ ദേവാലയം. മൂന്നുവർഷത്തെ കഠിനപരിശ്രമത്തിന്റെ ഫലമായി 90 അടി നീളവും 32 അടി വീതിയുമുള്ള പള്ളിയാണ് പൂർത്തിയാക്കിയത്. മാർ സെബാസ്റ്റ്യൻ വയലിൽ, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവർ ചേർന്ന് കൂദാശാകർമ്മം നിർവ്വഹിച്ചു. ഇടവകാംഗങ്ങളെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെയും ആത്മനിർവൃതിയുടെയും ദിനമായിരുന്നു സെപ്റ്റംബർ 21.

പാരീഷ്ഹാളിന്റെ ഒരു മുറി പോസ്റ്റ്ഓഫീസിനായി വിട്ടുകൊടുക്കുന്നതിനും തേക്കിലക്കാട്ടിൽ കുര്യാക്കോയുടെ മാനേജ്മെന്റിലുള്ള എൽ.പി. സ്കൂൾ പള്ളി ഏറ്റെടുക്കുന്നതിനും 1979 മാർച്ച് 11-ന് ചേർന്ന പള്ളിയോഗം തീരുമാനിച്ചു. രണ്ടുപതിറ്റാണ്ടു നീണ്ട കെട്ടുതെങ്ങ് സമ്പ്രദായം 1983-ൽ നിർത്തലാക്കി. 1984-ൽ സിമിത്തേരി വീണ്ടും വിപു



ലപ്പെടുത്തി. ഇതിനുള്ള തുക കണ്ടെത്താൻ വീണ്ടും റബർ പിരിവ് നടത്തി. ഇടവകയിലെ കുടുംബങ്ങളെ വിവിധ ഗ്രേഡുകളായി തിരിച്ച് പണപ്പിരിവും ഇതോടൊപ്പം നടത്തിയിരുന്നു. പള്ളിവക എൽ.പി. സ്കൂൾ 1985-ൽ എസ്.ഡി. കോൺവെന്റിന് കൈമാറി. 1994-ൽ സിമിത്തേരി വീണ്ടും വിപുലീകരിച്ചു. 1995-ൽ ബഹു. ഫാ. ജെയിംസ് കട്ടയ്ക്കൽ പള്ളിക്ക് ചുറ്റുമതിൽ നിർമ്മിച്ച് മനോഹരമാക്കി.

1998-ൽ പുതിയ പള്ളിമുറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ബഹു. വികാരി ഫാ. ജേക്കബ് വെള്ളരിങ്ങാട്ടിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. രണ്ടു വർഷം കൊണ്ട് രണ്ടുനിലകളുള്ള പള്ളിമുറി നിർമ്മാണം പൂർത്തിയാക്കി. 2000 മാർച്ച് അഞ്ചിന്



മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പള്ളിമുറി വെഞ്ചരിച്ചു. 1993-ൽ ആരംഭിച്ച പള്ളിയുടെ നിത്യചിലവിനുവേണ്ടിയുള്ള നാലുഗ്രേഡുകളിലായുള്ള പിരിവ് 2001-ൽ നിർത്തലാക്കി. 2002-ൽ പള്ളിയിലേക്കുള്ള റോഡ് ടാർ ചെയ്ത് ഗയ്റ്റ് സ്ഥാപിച്ചു.

സിമിത്തേരി 2004-ൽ വീണ്ടും വിപുലീകരിച്ചു. ഇതോടൊപ്പം സിമിത്തേരി ചാപ്പലും പൂർത്തിയാക്കി. 2005 ജനുവരി 9-ന് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ സിമിത്തേരി ചാപ്പൽ വെഞ്ചരിച്ചു. വികാരിയായിരുന്ന ബഹു. ഫാ. തോമസ് മഠത്തിപ്പറമ്പിലിന്റെ നേതൃത്വത്തിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ നടന്നത്. പള്ളിമുറ്റത്തോടുചേർന്ന് റോഡ് സൈഡിൽ കൈമ്ലേട്ട് ലിയോയുടെ സ്മരണക്കായി നിർമ്മിച്ച മാതാവിന്റെ ഗ്രോട്ടോ 2005 മെയ് 29-ന് അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് വെഞ്ചരിച്ചു. മെയിൻ റോഡിനോടും ഗ്രോട്ടോയോടും ചേർന്നുള്ള ഭാഗങ്ങളിൽ മതിൽ നിർമ്മിച്ച് മനോഹരമാക്കി.





പുള്ളോച്ചേരിൽ സെബാസ്റ്റ്യന്റെ സ്മരണക്കായി നിർമ്മിച്ച കൽക്കുരിശിന്റെ വെഞ്ചരിപ്പ് 2007 ജനുവരി അഞ്ചിന് രൂപതാ വികാരി ജനറാൾ മോൺ. ജോർജ് ചൂരക്കാട്ട് നിർവ്വഹിച്ചു. പുതുക്കി നിർമ്മിച്ച മദ്ബഹയുടെ വെഞ്ചരിപ്പ് അഭിവന്ദ്യ പിതാവ് മാർ ജോസഫ് കല്ലറങ്ങാട്ട് 2008 ജനുവരി 9-നാണ് നിർവ്വഹിച്ചത്. ശോച്യാവസ്ഥയിലായിരുന്ന പാരീഷ്ഹാളിന്റെ മേൽക്കൂര 2008 ഏപ്രിലിൽ നവീകരിച്ചു. 2009 ജനുവരിയിൽ പൊതുജനങ്ങളുടെ ഉപയോഗത്തിനായി ടോയ്‌ലറ്റുകൾ നിർമ്മിച്ചു.

## പള്ളിവക സ്ഥലങ്ങൾ

1959-ലാണ് മൂലാശേരിൽ ഔസേപ്പ് ജോസഫ് പള്ളി നിർമ്മാണത്തിനായി അരയേക്കർ സ്ഥലം ദാനമായി നല്കുന്നത്. പിന്നീട് 1962 ഫെബ്രുവരി മൂന്നിന് ഇല്ലിക്കൽ (കുറ്റിക്കാനാൽ) തൊമ്മൻ തോമസിന്റെ പക്കൽനിന്ന് രണ്ടേക്കർ വരുന്ന മേൽവെട്ടത്തുതടത്തിൽ പുരയിടം വാങ്ങി. 1965 ഒക്ടോബർ ആറിനാണ് ആലപ്പാട്ട് അന്നമ്മയുടെ പക്കൽ നിന്ന് പള്ളിയുടെ സമീപമുണ്ടായിരുന്ന 50 സെന്റ് സ്ഥലം വാങ്ങിയത്. 1967 ഒക്ടോബർ 27-ന് പള്ളിമുറിയുടെ പിന്നിൽ 26 ചതുരശ്രമീറ്റർ സ്ഥലം മൂലാശേരിൽ എം. എം. ജോസഫിൽ നിന്ന് അടുക്കള നിർമ്മാണത്തിനായി വാങ്ങി. 1970 ഫെബ്രുവരിയിൽ തേക്കിലക്കാട്ടിൽ വർഗ്ഗീസിൽ നിന്ന് അരയേക്കർ വരുന്ന ചെറുനല്ലാടി പുരയിടം വാങ്ങി. 1971-ൽ തേക്കിലക്കാട്ടിൽ കുര്യാക്കോസ് കുരിശുപള്ളി നിർമ്മിക്കുന്നതിന് സ്ഥലം ദാനമായി നല്കി. പിന്നീട് നെടുമ്പാറയിൽ കുരിശുപള്ളിക്ക് സ്ഥലം ലഭിച്ചതോടെ പള്ളി 1500 രൂപാ സംഭാവനയായി വാങ്ങി സ്ഥലം തിരികെ കുര്യാക്കോസിനു നല്കി.

1973 മാർച്ച് 7-ന് കുന്നത്ത് ജാനകിയമ്മ, സാവിത്രിയമ്മ എന്നിവരുടെ പക്കൽനിന്ന് അരയേക്കർ മാരാർ പറമ്പ് വാങ്ങി. 1983 മാർച്ചിൽ കുളങ്ങര ഫിലിപ്പ് നെടുമ്പാറയിൽ കുരിശുപള്ളി പണിയുന്നതിന് 10 സെന്റ് സ്ഥലം ദാനമായി നല്കി. 1985 നവംബർ 20-ന് മേൽവെട്ടം ജോസുകുട്ടി പാരീഷ്ഹാളിനോട് ചേർന്നുകിടന്നിരുന്ന മൂന്നുസെന്റ് സ്ഥലം പള്ളിക്ക് ദാനമായി നല്കി. ഗ്രോട്ടോ നിർമ്മാണത്തിനായി മൂലാശേരിൽ ഫ്രാൻസീസിൽ നിന്ന് 2005 ഫെബ്രുവരി 11-ന് ഒരു സെന്റ് സ്ഥലം പള്ളി വാങ്ങി.

## കുരിശുപള്ളി

ഇല്ലിക്കൽ കവലയിൽ 1969 ജൂൺ 14-ന് കുരിശടിയും പള്ളി ബോർഡും സ്ഥാപിച്ചു. 1983-ൽ നെടുമ്പാറയിൽ കുളങ്ങര പീലിപ്പോസ് ദാനമായി നല്കിയ 10 സെന്റ് സ്ഥലത്ത് വിശുദ്ധ ഗീവർഗീസിന്റെ നാമത്തിലുള്ള കുരിശുപള്ളി ബഹു. തയ്യിൽ ജോർജ്ജ് അച്ചന്റെ നേതൃത്വത്തിൽ പൂർത്തിയാക്കി. 1984 ജനുവരി 15-ന് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ കുരിശുപള്ളി വെഞ്ചരിച്ചു. 1993-ൽ കുരിശുപള്ളിക്ക് ചുറ്റുമതിൽ നിർമ്മിച്ച് മനോഹരമാക്കി. വി. ഗീവർഗ്ഗീസിന്റെ തിരുനാൾ എല്ലാവർഷവും ഏപ്രിൽ മാസം



ഇവിടെ ആഘോഷിച്ചുവരുന്നു. രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് കുരിശുപള്ളി 2009 ജനുവരിയിൽ മോടിയാക്കി.

## തിരുനാൾ

ഇടവക മദ്ധ്യസ്ഥയായ നിത്യസഹായമാതാവിന്റെ തിരുനാൾ ജനുവരി രണ്ടാം ഞായറാഴ്ച ഭക്തിപൂർവ്വം കൊണ്ടാടുന്നു. വിശുദ്ധ ഗീവർഗീസ് സഹ



ദായുടെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും തിരുനാളുകളും ആഘോഷിക്കുന്നു. മെയ് മാസവണക്കം, ദുക്റാന തിരുനാൾ എന്നിവയും സമുചിതമായി ആഘോഷിച്ചുവരുന്നു.

## വിശ്വാസ പരിശീലനം

ഒരു നല്ല ഇടവക സമൂഹത്തിന്റെ വളർച്ചയാണ് വിശ്വാസപരിശീലനത്തിലൂടെ ലക്ഷ്യമിടുന്നത്. ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലായി 150-ഓളം കുട്ടികൾ ഇപ്പോൾ പഠിക്കുന്നു. സൺഡേസ്കൂളിൽ നിന്ന് ആയിരത്തിലേറെ പേർ ഇതിനോടകം വിശ്വാസപരിശീലനം നേടിയിട്ടുണ്ട്. കഴിഞ്ഞ 50 വർഷത്തിനുള്ളിൽ ഏഴുപേർ പ്രഥമാദ്ധ്യാപകരായി. നൂറോളംപേർ വിശ്വാസപരിശീലകരായും സേവനം ചെയ്തിട്ടുണ്ട്. വിശ്വാസത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നതോടൊപ്പം ദൈവവിളി വളർത്താനും വിശ്വാസപരിശീലനം സഹായകമാകുന്നു. നിരവധി വൈദികരെയും കന്യാസ്ത്രീകളെയും ഇടവക സഭയ്ക്ക് സംഭാവന ചെയ്തിട്ടുണ്ട്.

വിശ്വാസികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനും മതപഠനക്കളരി ആരംഭിക്കുന്നതിനും ആവശ്യമായ അനുമതി നല്കണമെന്നാവശ്യപ്പെട്ടാണ് ഒരുപറ്റം വിശ്വാസികൾ അഭിവന്ദ്യ പിതാവ് മാർ സെബാസ്റ്റ്യൻ വയലിലിന് 50 വർഷം മുമ്പ് അപേക്ഷ നല്കിയത്. മതപഠന കാര്യത്തിൽ നമ്മുടെ പൂർവ്വികർ വളരെയേറെ ശ്രദ്ധ പുലർത്തിയിരുന്നുവെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു. കുറവിലങ്ങാട്ടും മരങ്ങാട്ടുപിള്ളിയിലും കുട്ടികളെ അയച്ച് വിശ്വാസം പരിശീലിപ്പിക്കുക എന്നത് അക്കാലത്ത് ഏറെ ബുദ്ധിമുട്ടായിരുന്നു. എങ്കിലും ഇക്കാര്യത്തിൽ അവർ പുലർത്തിയ നിഷ്ക്കർഷയും താല്പര്യവും നമുക്ക് മാതൃകയാവണം.

## സ്കൂളുകൾ

പാലയ്ക്കാട്ടുമലയിൽ 1900-ാംമാണ്ടിൽ ആരംഭിച്ച നിലത്തെഴുത്തു കളരിയാണ് പിന്നീട് എൽ.പി. സ്കൂളായി വളർന്നത്. 1920 മുതൽ താഴത്തേൽ



മത്തായി വർക്കി സ്കൂളിന്റെ മാനേജരായി പ്രവർത്തിച്ചു. പിന്നീട് 1963-ൽ തേക്കിലക്കാട്ടിൽ തൊമ്മൻ കുര്യാക്കോസ് മാനേജരായി. 1985-ൽ സ്കൂളിന്റെ നടത്തിപ്പ് പള്ളി ഏറ്റെടുത്തു. 1987 ജൂലൈ 18-ന് എസ്.ഡി. കോൺവെന്റിന് സ്കൂളും 50 സെന്റ് സ്ഥലവും കൈമാറി. സെന്റ് മേരീസ് എൽ.പി. സ്കൂളും സെന്റ് ജോസഫ് നഴ്സറി സ്കൂളും നാടിന് അഭിമാനകരമായി പ്രവർത്തിച്ചുവരുന്നു.

ഇല്ലിക്കൽ കവലയിൽ 1912-ലാണ് കുടിപ്പള്ളിക്കൂടം ആരംഭിച്ചത്. പല്ലാട്ട് നായർ കുടുംബം ദാനമായി നല്കിയ സ്ഥലത്ത് പുളിക്കിയിൽ വർക്കിയച്ചന്റെ നേതൃത്വത്തിലാണ് സ്കൂൾ സ്ഥാപിച്ചത്.



തുടർന്ന് സ്കൂൾ നടത്തിക്കൊണ്ടുപോകാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് തിരുവിതാംകൂർ സർക്കാരിന് കൈമാറുകയായിരുന്നു. പഞ്ചായത്തിന്റെ കീഴിൽ കാൽനൂറ്റാണ്ടായി കൈരളി അംഗൻവാടിയും പാലയ്ക്കാട്ടുമലയിൽ പ്രവർത്തിക്കുന്നു.

## മഠങ്ങൾ

അഗതികളുടെ സഹോദരിമാർ (എസ്.ഡി) സന്യാസ സമൂഹത്തിന്റെ ശാഖ 1989 ഒക്ടോബർ 3-നാണ് ആരംഭിച്ചത്. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ മഠം കൂദാശ ചെയ്തു. കൈമ്ലേട്ട് കുര്യാക്കോസിന്റെയും മേൽവെട്ടം ജയിംസിന്റെയും പക്കൽനിന്ന് വാങ്ങിയ സ്ഥലത്ത് ബഹു. ഫാ. ജോൺ കച്ചിറമറ്റത്തിന്റെ പരിശ്രമത്താലാണ് മഠം സ്ഥാപിതമായത്.



സ്നേഹഗിരി മിഷനറി സന്യാസിനി സമൂഹത്തിന്റെ സെന്റ് തോമസ് പ്രൊവിൻഷ്യൽ ഹൗസ് പുളിക്കിയിൽ സണ്ണിയുടെ പക്കൽനിന്ന് വാങ്ങിയ



സ്ഥലത്ത് 2008 ഫെബ്രുവരി 8-ന് മാർ ജോസഫ് കല്ലറങ്ങാട്ട് ആശീർവദിച്ചു.

## സംഘടനകൾ, പദ്ധതികൾ

ചെറുപുഷ്പ മിഷൻലീഗ്, കെ.സി.വൈ.എം, മാതൃജ്യോതി, സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി, സ്വാശ്രയ സംഘം, സൺഡേസ്കൂൾ പി.ടി.എ തുടങ്ങിയ സംഘടനകൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. വിവാഹസഹായ പദ്ധതി, കുടുംബ സഹായ പദ്ധതി, ലഘുനിക്ഷേപ പദ്ധതി, ചികിത്സാസഹായ പദ്ധതി തുടങ്ങിയവയും കാര്യക്ഷമമായി ഇടവകയിൽ പ്രവർത്തിക്കുന്നു.

## ക്ഷേത്രങ്ങൾ

പാലയ്ക്കാട്ടുമലയിലെ ഏറ്റവും പുരാതനവും ചരിത്ര പ്രധാനവുമായ നരസിംഹസ്വാമി ക്ഷേത്രത്തിന് ആയിരത്തിലേറെ വർഷം പഴക്കമുണ്ടെന്ന് കരുതപ്പെടുന്നു. 1937-ൽ ക്ഷേത്രം ഊരായ്മക്കാരിൽ നിന്ന് ദേവസ്വത്തിന് കൈമാറി. കേരളത്തിലെ 108 നരസിംഹ ക്ഷേത്രങ്ങളിൽ ഒന്നാണിത്. പാലയ്ക്കാ



ട്ടുമല-ആണ്ടൂർ റോഡിനു സമീപം നൂറ്റാണ്ടുകൾ പഴക്കമുള്ള മൂത്തേടത്തുകാവും സ്ഥിതി ചെയ്യുന്നു.



## വായനശാല

1951-ൽ ആരംഭിച്ച വായനശാല നാടിന്റെ ഒത്തൊരുമയുടെ ഫലമായിരുന്നു. പബ്ലിക്ക് ലൈബ്രറിയായി ആരംഭിച്ച പ്രസ്ഥാനം 1988-ൽ പഞ്ചായത്ത് ഏറ്റെടുത്തു. നൂറുകണക്കിന് പുസ്തകങ്ങളും വിനോദ ഉപാധികളുമുള്ള സാംസ്കാരിക നിലയമായി വായനശാല വളർന്നിരിക്കുന്നു.



## മരങ്ങാട്ടുപിള്ളിയും വികസനവും

മരവും കാടും നിറഞ്ഞ പ്രദേശമായ മരങ്കാട്ടുപിള്ളിയാണ് പിന്നീട് മരങ്ങാട്ടുപിള്ളിയായതെന്ന് ചരിത്രം. പി.കെ. ജോൺ പൊടിമറ്റത്തിന്റെ കേരള സുറിയാനി സഭാചരിത്രസംഗ്രഹത്തിൽ കടുവ, പുലി, കാട്ടുപന്നി, മുള്ളൻപന്നി, കേഴ, കുറുക്കൻ, കുരങ്ങ് എന്നിവ ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എ.ഡി 1000-മാണ്ടിനടുത്ത് ഇന്നത്തെ പരിഷ്കൃത ജനതയുടെ പൂർവ്വികർ ഇവിടങ്ങളിൽ കുടിയേറിയിരുന്നിട്ടുണ്ടാകണം.

എ.ഡി. 1100-ൽ വെമ്പലനാട് വിഭജിച്ചുണ്ടായ വടക്കുംകൂറിൽപെട്ട മരങ്ങാട്ടുപിള്ളിയുടെ അതിർത്തി വള്ളിച്ചിറ, പുലിയന്നൂർ, കിടങ്ങൂർ തുടങ്ങിയ സമീപ സ്ഥലങ്ങളായിരുന്നു. 925-ൽ (ക്രിസ്ത്വബ്ദം 1750) അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ കുലശേഖര പെരുമാൾ എന്ന വേണാട് രാജാവ് വടക്കുംകൂർ കീഴടക്കി തന്റെ രാജ്യമായ തിരുവിതാംകൂറിനോടു ചേർത്തു.

താലൂക്കുകളുടെയും മറ്റും രൂപീകരണത്തോടെ പാലയ്ക്കാട്ടുമലയും മരങ്ങാട്ടുപിള്ളിയും ഉൾപ്പെട്ട പ്രദേശങ്ങൾ മൂവാറ്റുപുഴ താലൂക്കിലായി. പിന്നീട് ഏറ്റുമാനൂർ താലൂക്കിന്റെ ഭാഗമായി. ഏറ്റുമാനൂർ താലൂക്ക് ഇല്ലാതായതോടെയാണ് മീനച്ചിൽ താലൂക്കിന്റെ ഭാഗമായി പാലയ്ക്കാട്ടുമല മാറുന്നത്. 1950-ലെ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്ത് ആക്ടിനു വിധേയമായി 1953-ൽ ഇലക്കാട് പഞ്ചായത്ത് രൂപം കൊണ്ടു. 1979 ഓഗസ്റ്റ് 17-ന് ഇലക്കാട് പഞ്ചായത്ത് വിഭജിച്ച് കടപ്ലാമറ്റം പഞ്ചായത്ത് രൂപീകരിച്ചു. 1983 നവംബർ എട്ടിന് മരങ്ങാട്ടുപിള്ളി പഞ്ചായത്ത് എന്ന പേര് നിലവിൽ വന്നു.

പാലാ മുതൽ കോഴാ വരെയുള്ള നാട്ടുനടപ്പു വഴിയാണ് ചില്ലറ മാറ്റങ്ങളോടെ ഗതാഗത സൗകര്യത്തിന് അനുയോജ്യമായി പിന്നീട് മാറിയത്. ഈ റോഡിന്റെ വരവ് കിടങ്ങൂർ-മരങ്ങാട്ടുപിള്ളി- കൂത്താട്ടുകുളം രാജപാതയുടെ പ്രാധാന്യം കുറയുന്നതിനു കാരണമായി. അഞ്ചലോട്ടം നടന്നിരുന്നതും കിടങ്ങൂർ -കൂത്താട്ടുകുളം വഴിയായിരുന്നു. തിരുവിതാംകൂർ രാജാക്കന്മാർ സ്ഥാപിച്ച ചുമടുതാങ്ങികളും അഞ്ചൽപെട്ടികളും നട്ടുപിടിപ്പിച്ച തണൽ മരങ്ങളും ഇന്നും ഈ വഴിയിൽ ചിലയിടങ്ങളിലുണ്ട്.

ഒരു നൂറ്റാണ്ടുമുമ്പ് ഇല്ലിയ്ക്കലിൽ നിന്ന് പാലയ്ക്കാട്ടുമലയിലേക്ക് ചെറിയൊരു നടപ്പാത മാത്രമാണുണ്ടായിരുന്നത്. വലിയ കല്ലുകൾ നിറഞ്ഞ വഴിയിലൂടെ പിന്നീട് കാളവണ്ടികൾ മാത്രം വളരെയേറെ കഷ്ടപ്പെട്ട് കടന്നുപോയിരുന്നു. 1962-ൽ വികാരിയായിരുന്ന ബഹു. ഫാ. സെബാസ്റ്റ്യൻ മണിയാക്കുപാറയുടെ നേതൃത്വത്തിലാണ് റോഡ് വീതികൂട്ടി നിർമ്മിച്ച് വാഹനഗതാഗതത്തിന് അനുയോജ്യമാക്കിത്തീർത്തത്. റോഡ് 22 അടി വീതിയിൽ നിർമ്മിക്കുന്നതിനെതിരെ ശക്തമായ എതിർപ്പുകൾ ഉണ്ടായിരുന്നെങ്കിലും ഇവയൊന്നും വകവയ്ക്കാതെ റോഡ് വികസനം പൂർത്തിയാക്കുകയായിരുന്നു. പതിറ്റാണ്ടുകൾക്കു മുൻപ് ദീർഘ വീക്ഷണത്തോടെ നടത്തിയ റോഡ് വികസനമാണ് നാടിന്റെ വളർച്ചയ്ക്ക് നിദാനമായത്.

പാലാ-കോഴാ റൂട്ടിലൂടെ 1930-കളിൽ 'മത്തായി ബ്രദേഴ്സ്' എന്ന ബസ് സർവീസ് ആരംഭിച്ചു. 1930-ലാണ് മരങ്ങാട്ടുപിള്ളി ചന്ത സ്ഥാപിതമായത്. 1951-ൽ മരങ്ങാട്ടുപിള്ളിയിൽ പോസ്റ്റ് ഓഫീസും 1952-ൽ സെന്റ് തോമസ് ഹൈസ്കൂളും 1955-ൽ സഹകരണ ബാങ്കും ആരംഭിച്ചു. 1956-ൽ പഞ്ചായത്തിൽ വൈദ്യുതിയും 1972-ൽ ടെലിഫോണും എത്തി. 1962-ൽ ആയുർവേദ ആശുപത്രിക്കും 1977-ൽ ഗവ. ആശുപത്രിക്കും തുടക്കമായി. 1979-ൽ പോലീസ് സ്റ്റേഷനും ആരംഭിച്ചു. പിന്നീട് ഒട്ടേറെ വികസനപ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ സംരംഭങ്ങളും നാടിന്റെ വളർച്ചയ്ക്ക് നിദാനമായി പ്രവർത്തിക്കുന്നു.

കുത്തുപാളയിൽ വെള്ളം ശേഖരിച്ചും പന ഇടിച്ച് കഞ്ഞിവെച്ചും ജീവിതനൗക മുന്നോട്ടുപോയ ഒരു കാലമുണ്ടായിരുന്നു. തീക്കനലുകൾ വാങ്ങാൻ അയൽ വീടുകളിലേക്ക് ചകിരിയുമായി പോകുന്നതും പതിവുകാഴ്ചയായിരുന്നു. ദുരിതങ്ങളും കഷ്ടപ്പാടുകളും നിറഞ്ഞ ഒരു കാലഘട്ടം പിന്നിട്ട് ഐശ്വര്യത്തിന്റെയും സമൃദ്ധിയുടെയും ലോകത്തിലാണ് നാമിന്ന് ജീവിക്കുന്നത്. എങ്കിലും പഴയ കാലങ്ങളിൽ കുടുംബങ്ങളും വ്യക്തികളും തമ്മിലുണ്ടായിരുന്ന സ്നേഹവും സഹകരണവും ഇന്ന് നമുക്ക് കൈമോശം വന്നിരിക്കുന്നു.

## ഉപസംഹാരം

സ്ഥലനാമംകൊണ്ട് കാടും മലയുമെങ്കിലും പാലയ്ക്കാട്ടുമല ഇന്ന് പ്രശാന്തസുന്ദരവും പ്രകൃതി രമണീയവുമാണ്. കാർഷികവിളകളാൽ സമ്പന്നമായ നാട്. ആത്മാർത്ഥതയും അദ്ധ്വാനശേഷിയുമുള്ള ദൈവവിശ്വാസികളായ ജനങ്ങൾ വസിക്കുന്ന പ്രദേശം. വിഭാഗീയ ചിന്തകളും വർഗീയ വൈരവുമില്ലാതെ പരസ്പരം സ്നേഹത്തിലും കൂട്ടായ്മയിലും കഴിയുന്നവർ. ജാതിമത സ്പർദ്ധകളില്ലാത്ത ഈ കൊച്ചുഗ്രാമം നിരവധി പ്രഗത്ഭരെ സംഭാവന ചെയ്തുവെന്നത് നമുക്ക് അഭിമാനകരമാണ്.

ഇടവകയുടെയും നാടിന്റെയും ചരിത്രം തേടിയുള്ള യാത്രയിൽ എഴുതപ്പെട്ട വിവരങ്ങൾ ഏറെയൊന്നും കണ്ടെത്താനായില്ല. ഇടവകയെ സംബന്ധിച്ചുള്ള രേഖകളും അപൂർണ്ണങ്ങളായിരുന്നു. എങ്കിലും പള്ളി രജിസ്റ്ററുകളും യോഗപുസ്തകങ്ങളും മുറിച്ചാർത്തും ആധാരങ്ങളും നാൾവഴികളും അരമനയിൽ സൂക്ഷിച്ചിരിക്കുന്ന റിക്കാർഡുകളുമൊക്കെ ചരിത്ര രചനയ്ക്ക് സഹായകമായി. വിലപ്പെട്ട പല അറിവുകളും പങ്കുവയ്ക്കുകയും ചരിത്ര രചനയിൽ എനിക്ക് മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്ത നല്ലവരായ കാരണവന്മാരെ നന്ദിപൂർവ്വം സ്മരിക്കട്ടെ.

ചരിത്രം സമഗ്രമെന്നോ അന്യൂനമെന്നോ അവകാശപ്പെടുന്നില്ല. മുൻവിധി കൂടാതെ നിഷ്പക്ഷമായി വസ്തുതകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ചരിത്ര ഗതിയിലെ പ്രധാന നാഴികക്കല്ലുകളായ സംഭവങ്ങളെയും നായകത്വം വഹിച്ച വ്യക്തികളെയും ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്.

പള്ളിയുടെ ചരിത്രം ഇവിടുത്തെ സാധാരണക്കാരായ ജനങ്ങളുടെ ചരിത്രമാണ്; തലമുറകൾ പകർന്നു നല്കിയ വിശ്വാസം പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും മുമ്പിൽ അടിയറ വയ്ക്കാതിരുന്ന ധീരന്മാരുടെ ചരിത്രമാണ്. തലമുറകളുടെ ആദ്ധ്യാത്മിക പുരോഗതിക്കായി ദേവാലയം പടുത്തുയർത്തിയ നന്മനിറഞ്ഞ ഇടവകാംഗങ്ങളെ വിസ്മരിക്കാനാവില്ല. ദൈവവിശ്വാസത്തിൽ അടിയുറച്ചു ജീവിച്ച പൂർവ്വികർ നമുക്ക് മാതൃകയാണ്. അവരുടെ ദീപ്ത സ്മരണകൾ നമ്മുടെ ഹൃദയത്തിൽ ജ്വലിച്ചു നില്ക്കണം.

കഴിഞ്ഞ അൻപതാണ്ടുകൾ ഇടവകയെ നയിച്ച ബഹുമാനപ്പെട്ട വൈദികരും നമ്മുടെ ഓർമ്മയിലുണ്ടാകണം. ശക്തവും ധീരവുമായ നേതൃത്വം നല്കിയ വികാരിമാർ ഇടവകയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നതിക്കായി അക്ഷീണം പ്രയത്നിച്ചിട്ടുണ്ട്. അവരോട് സഹകരിച്ച് ഇടവകയുടെ ഉന്നമനത്തിനായി പ്രവർത്തിച്ച കൈക്കാരന്മാർ, പ്രതിനിധി യോഗാംഗങ്ങൾ, പള്ളി ജീവനക്കാർ എന്നിവരെയും നന്ദിയോടെ സ്മരിക്കാം. ഇടവകയുടെ പുരോഗതിക്കായി നിരന്തരം സഹകരിക്കുന്ന നല്ലവരായ ഇടവകാംഗങ്ങളെ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഓർമ്മിക്കട്ടെ. നമ്മുടെ അഭയവും ആശ്രയവുമായ നിത്യസഹായമാതാവിന് ഈ സുവർണജൂബിലി വർഷത്തിൽ കൃതജ്ഞത അർപ്പിക്കാം. എല്ലാറ്റിലുമുപരിയായി കഴിഞ്ഞകാലങ്ങളിൽ ദൈവം നല്കിയ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കാം.

"ചരിത്രം നല്കുന്ന ഏറ്റവും വലിയ പാഠം, മനുഷ്യൻ ചരിത്രത്തിൽനിന്ന് പഠിക്കുന്നില്ല" എന്നതാണെന്ന് ആർനോൾഡ് ടോയിൻബി എഴുതി. അദ്ധ്വാനത്തിനും മിതവ്യയത്തിനും പേരുകേട്ടിരുന്ന മാർതോമ്മാ ക്രിസ്ത്യാനികൾ ഇന്ന് ആസക്തികളുടെയും ആർഭാടങ്ങളുടെയും ആഘോഷങ്ങളുടെയും ആലയങ്ങളുടെയുമൊക്കെ പിന്നാലെയാണ്. അച്ചി, അഷ്ടി, ആട്ടം, ആന എന്നീ ചതുർ ഭ്രാന്തുകളാണ് ജന്മിമാരുടെ നാശത്തിന് കാരണമായതെന്ന് നാം വിസ്മരിക്കരുത്. ചരിത്രത്തിന്റെ തിരുശേഷിപ്പുകൾ മായാതെ എന്നും ഓർമ്മയിൽ കാത്തു സൂക്ഷിക്കാൻ നമുക്ക് കഴിയട്ടെ.